**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** — **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളിൽ വിവിധ തരത്തിലുള്ള സർജറി, ചികിത്സ എന്നിവയ്ക്ക് വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ അദ്ധ്യായം 6 ഖണ്ഡിക 19 പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവർ നൽകുന്ന ചികിത്സയുടെ നിരക്ക് ആ സ്ഥാപനത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ആശുപത്രികളും ശരിയായ രീതിയിൽ നിരക്കുകൾ പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള ആശുപത്രികളുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ അദ്ധ്യായം 6 ഖണ്ഡിക 19 പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവർ നൽകുന്ന ചികിത്സയുടെ നിരക്ക് ആ സ്ഥാപനത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ആശുപത്രികളും ശരിയായ രീതിയിൽ നിരക്കുകൾ പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള ആശുപത്രികളുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ആക്ഷേപം പൊതുജനങ്ങൾ ആർക്കാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ? | (സി) | അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിലേക്കായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം രൂപീകരിച്ച പരാതി പരിഹാര സമിതി മുൻപാകെ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ